LIBRARY ARCHIVES Kerala Legislative Assembly

**സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശിക**

72(81) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മസ്റ്ററിംഗ് ചെയ്യാത്തതിനാലും സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാക്കാത്തതിനാലും ഡാറ്റാ എൻടി ചെയ്തപ്പോൾ ഉണ്ടായ പിഴവുകൊണ്ടും സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശികയായവർക്ക് പ്രസ്തുത തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

മസ്റ്ററിംഗ് ചെയ്യാത്തതിനാലും സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാക്കാത്തതിനാലും ഡാറ്റാ എൻടി ചെയ്തപ്പോഴുണ്ടായ പിഴവുകൊണ്ടും സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശികയായവർക്ക് പ്രസ്തുത കുടിശ്ശിക തുക ഫണ്ട് ലഭ്യമാകുന്ന അവസരത്തിൽ നൽകുന്നതായിരിക്കും.

**സാമൂഹ്യസുരക്ഷാ പെൻഷൻ**

73(82) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ പെൻഷന്റെ അർഹതാ മാനദണ്ഡത്തിൽ വരുമാന പരിധി എത്രയാണ്?

സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.

(ബി) ഒരു വ്യക്തിക്ക് വ്യത്യസ്തമായ രണ്ട് പെൻഷൻ ലഭിക്കാൻ അർഹതയുണ്ടോ?

പൊതുവായി അർഹതയില്ല. എന്നാൽ വികലാംഗർ, 6-2-2017-നുമുമ്പ് രണ്ട് പെൻഷൻ വാങ്ങിവന്നിരുന്നവർ, തനതുഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ, ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർ, 4,000 രൂപവരെ എക്സ്ഗ്രേഷ്യ/എൻ.പി.എസ്. പെൻഷനുകൾ ലഭിക്കുന്നവർ എന്നിവർക്ക് മറ്റ് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി രണ്ട് പെൻഷന് അർഹതയുണ്ട്.

(സി) സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിക്കുന്നവർക്ക് ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടോ?